പഠിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. 'വിഷൻ 2025 ' എന്ന പേരിൽ മൂന്നാറിൽ നടത്തുന്ന ശിൽപ്പശാലയിൽ വിവര സാങ്കേതികവിദ്യയുടെ സാധ്യതകളടക്കം സംസ്ഥാനത്ത് സഹകരണ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സഹകാരികളുമായി വിശദമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന കാര്യവും ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങയേയും ആ പരിപാടിയിലേയ്ക്ക് ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നുണ്ട്.

ശ്രീ. എം. ഹംസ : സർ, അങ്ങ് വളരെ പോസിറ്റീവായി മറുപടി പറഞ്ഞു. ഒരു കാര്യംകൂടി അങ്ങ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രികൂടി പ്രതികരിച്ചാൽ നല്ലതായിരിക്കും. സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുന്ന കീഴ്വഴക്കം തുടരുമെന്ന് പ്രഖ്യാപിക്കാനാവശ്യമായ ഇടപെടൽ നടത്തുമോ; രണ്ടു വകുപ്പുകളും സഹകാരികളുമായി ബന്ധപ്പെട്ട് ചർച്ചചെയ്ത് ഇപ്പോൾത്തന്നെ അതിനൊരു തീരുമാനമെടുക്കുമോ; ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രതികരിച്ചാൽ നന്നായിരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.

V. അറിയിപ്പ്

മി. സ്പീക്കർ : ഇന്നലെ കൂടിയ കാര്യോപദേശക സമിതിയുടെ തീരുമാനം, സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കേണ്ടെന്നും സബ്മിഷനുകളുടെ മറുപടി ബഹുമാന്യരായ മന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണെന്നുമാണ്. നിയമനിർമ്മാണകാര്യത്തിൽ ഇന്ന് രണ്ട് ബില്ലുകൾ വരുന്നുണ്ട്. കാര്യപരിപാടിയിൽ ആദ്യം ഉൾപ്പെടുത്തിയിരിക്കുന്നത് '2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലും 'രണ്ടാമതുൾപ്പെടുത്തിയിരിക്കുന്നത് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമാണ്. അതിൽ '2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ' ആദ്യമെടുക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അതിനാൽ ആ ബിൽ ആദ്യമെടുക്കുന്നതാണ്....(ബഹളം).... ക്രമപ്രശ്നത്തിലേക്ക് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹു. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 27-ാം തീയതി അദ്ദേഹം ഉന്നയിച്ച ക്രമപ്രശ്നത്തിൽ ജഡ്ജിയുടെ പേര് തെറ്റായി വന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹം ജഡ്ജിയുടെ പേര് ശരിയായി നേരത്തെത്തന്നെ തിരുത്തി എഴുതിത്തന്നിട്ടുണ്ടായിരുന്നുവെന്നുകൂടി സഭയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആദ്യം കിട്ടിയതനുസരിച്ചാണ് കൊടുത്തത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അങ്ങനെ പറയേണ്ടിവന്നത്. എന്നാൽ മുഖ്യമന്ത്രി മറുപടി പറയുന്നതിനുമുൻപുതന്നെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ജഡ്ജിയുടെ പേര് ശരിയായ രീതിയിൽ എഴുതിത്തന്നിട്ടുണ്ടായിരുന്നു. അക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

VI. മേശപ്പുറത്തുവച്ച കടലാസുകൾ

10.06 AM]

(1). ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(എംഎസ്.) നമ്പർ 123/2015/ഹോം തീയതി 18-6-2015 (എസ്.ആർ.ഒ. നമ്പർ 405/2015)
2. ജി.ഒ.(ആർറ്റി.) നമ്പർ 1444/2015/ഹോം തീയതി 10-6-2015 (എസ്.ആർ.ഒ. നമ്പർ 409/2015)
3. ജി.ഒ.(ആർറ്റി.) നമ്പർ 1554/2015/ഹോം തീയതി 20-6-2015 (എസ്.ആർ.ഒ. നമ്പർ 422/2015)
4. ജി.ഒ.(എംഎസ്.) നമ്പർ 133/2015/ഹോം തീയതി 2-7-2015 (എസ്.ആർ.ഒ. നമ്പർ 431/2015)
5. ജി.ഒ.(എംഎസ്.) നമ്പർ 134/2015/ഹോം തീയതി 2-7-2015 (എസ്.ആർ.ഒ. നമ്പർ 432/2015)
6. ജി.ഒ.(എംഎസ്.) നമ്പർ 135/2015/ഹോം തീയതി 2-7-2015 (എസ്.ആർ.ഒ. നമ്പർ 433/2015)
7. ജി.ഒ.(എംഎസ്.) നമ്പർ 136/2015/ഹോം തീയതി 2-7-2015 (എസ്.ആർ.ഒ. നമ്പർ 434/2015)

LIBRARY ARCHIVES Kerala Legislative Assembly